**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **27-01-2026 - ൽ മറുപടിയ്ക്ക്**

**മങ്കട സി.എച്ച്.സി-യിലെ വിവിധ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മങ്കട സി.എച്ച്.സി.യ്ക്കായി ബജറ്റിൽ വകയിരുത്തിയ പ്രകാരമുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട സി.എച്ച്.സി.യിൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2021-22 ബജറ്റിൽ ഉൾപ്പെടുത്തി 5കോടി രൂപയുടെ ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. കൂടാതെ നവകേരള സദസ്സിൽ ഉൾപ്പെടുത്തി മങ്കട സി.എച്ച്.സി.യിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് 7കോടി രൂപയുടെ പ്രൊപ്പോസലും സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലും, മാസ്റ്റർ പ്ലാൻ പ്രൊപ്പോസലും പരിശോധിച്ച് രണ്ടിലും ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ വ്യത്യസ്തമാണ് എന്ന് സാക്ഷ്യപ്പെടുത്തി നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മാസ്റ്റർ പ്ലാൻ പ്രൊപ്പോസലിലും നവകേരള സദസ്സ് വഴിയുള്ള പ്രൊപ്പോസലിലും ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ വ്യത്യസ്തസമാണെ ന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയ്ക്ക് ഭരണാനുമതി നൽകി മേൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളത് ഗൗരവമായി കാണുന്നുണ്ടോ; ഉണ്ടെങ്കിൽ സമയപരിധി നിശ്ചയിച്ച് പ്രവൃത്തി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നത്; പ്രവർത്തികളുടെ ചുമതല ഏറ്റെടുത്തിട്ടുള്ള ഏജൻസി നടപ്പിലാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള അലംഭാവം കാണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ | (സി) | നിലവിൽ മങ്കട സി.എച്ച്.സി.ൽ ഐസൊലേഷൻ വാർഡിന്റെ കെട്ടിടഘടനാപരമായ ജോലികൾ പൂർത്തിയായിട്ടുണ്ട്. പ്ലംബിംഗ്, നിലം, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ വർക്കുകൾ പൂർത്തിയാക്കുവാനുണ്ട്. ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചുമതല KMSCL നാണ് നൽകിയിട്ടുള്ളത്. KMSCL |

| | | | |
|---|---|---|---|
| | സമയബന്ധിതമായി പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | | നിലവിൽ കോൺട്രാക്ട് ഏറ്റെടുത്ത TDLC എന്ന കമ്പനി സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താത്തതിനാൽ കരാർ റദ്ദാക്കി ബാക്കിയുള്ള പ്രവൃത്തികൾ KIIFCON എന്ന കമ്പനിയെ ഏൽപ്പിച്ച് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | മങ്കട സി.എച്ച്.സി.യുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്; എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | നിർദ്ദേശിക്കപ്പെട്ട മാസ്റ്റർ പ്ലാൻ പ്രവൃത്തി, നവകേരള സദസ്സ് വഴിയുള്ള പ്രവൃത്തി എന്നിവ കൂടാതെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റാമ്പിന്റെ നിർമ്മാണ പ്രവൃത്തി എന്നിവയാണ് മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നടന്നു വരുന്നത്. പ്രസ്തുത നിർമ്മാണ പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ